# 'കയർ കേരള' നാളെ മുതൽ ആലപ്പുഴയിൽ

തിരുവനന്തപുരം: കയറിന്റെയും ഉൽപന്നങ്ങളുടെയും അന്താരാഷ്ട്ര പ്രദർശനം 'കയർ കേരള 2012' ഫെബ്രുവരി നാലു മുതൽ ഒമ്പതുവരെ ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിൽ നടക്കും. 32 രാജ്യങ്ങളിൽ നിന്നുള്ള വിദഗ്ധരും നിർമാതാക്കളും വ്യാപാരികളും പ്രദർശകരും പങ്കെടുക്കും. സംസ്ഥാനത്തെ കയർ മേഖലക്ക് പുത്തനുണർവ് നൽകാൻ മേളക്ക് കഴിയുമെന്ന് മന്ത്രി അടൂർ പ്രകാശ് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

രണ്ടാം തവണയാണ് സംസ്ഥാനത്ത് ഈ പ്രദർശനം സംഘടിപ്പിക്കുന്നത്. ഉത്തരേന്ത്യയിൽനിന്നും തമിഴ്നാട്ടിൽനിന്നും ഉൾപ്പെടെ 220 സ്റ്റാളുകൾ ഉണ്ടാകും. അമേരിക്ക, ചൈന, ആസ്ട്രേലിയ, യു.എ.ഇ, കൊളംബിയ, നെതർലാൻഡ്, അയർലൻഡ്, ബ്രിട്ടൻ, കെനിയ, ടാൻസാനിയ, ദക്ഷിണാഫ്രിക്ക തുടങ്ങിയ രാജ്യങ്ങളിൽനിന്ന് പ്രതിനിധികളെത്തും. മുഖ്യമന്ത്രി ഉമ്മൻചാണ്ടി മേള ഉദ്ഘാടനം ചെയ്യും. ആഭ്യന്തര പവലിയൻ കേന്ദ്രമന്ത്രി കെ.സി. വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

ചകിരിയുടെ ദൗർലഭ്യം, തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക്, വിപണിയിലെ മത്സരം നേരിടൽ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിച്ചുവരികയാണെന്ന് മന്ത്രി പറഞ്ഞു. തൊണ്ട് സംഭരണം ഊർജിതമാക്കും. മാറ്റ്സ് ആൻഡ് മാറ്റിങ്സ് സംഘങ്ങൾക്കുള്ള സഹായത്തിന് കയർ കോർപറേഷന് ആദ്യ ഗഡുവായി അഞ്ച് കോടി അനുവദിച്ചു.

നടപ്പുവർഷം കയർ മേഖല 1000 കോടിയുടെ കയറ്റുമതി ലക്ഷ്യമിട്ടുന്നു. ആഭ്യന്തര വിപണിയിൽ 2000 കോടിയുടെ വ്യാപാരമാണ് പ്രതീക്ഷിക്കുന്നതെന്നും മന്ത്രി പറഞ്ഞു.